ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ടെക്നോപാർക്ക് മൂന്നാംഘട്ടം, ടെക്നോസിറ്റി, കൊല്ലം, അമ്പലപ്പുഴ, ചേർത്തല, ഇൻഫോപാർക്ക് രണ്ടാംഘട്ടം, കൊരട്ടി, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നിവിടങ്ങളിലാണ് പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്.

(സി) ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി ഇപ്പോൾ ഏകദേശം 34,500-ഓളംപേർ ജോലിചെയ്യുന്നുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ എരമത്ത് ആരംഭിക്കുന്ന ഐ.ടി. പാർക്കിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഐ.ടി. പാർക്കിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ഗ്രാമ പഞ്ചായത്തുകളിൽ ചെറുകിട ഐ.ടി. പാർക്കുകൾ

76 (89) ശ്രീ. പള്ളിപ്രം ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ പഞ്ചായത്തുകളിൽ ചെറുകിട ഐ.ടി. പാർക്കുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഗ്രാമ പഞ്ചായത്തുകളിലാണ് ഇതിന്റെ പ്രവർത്തനം തുടങ്ങിയത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിട സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ടെക്നോലോഡ്ജുകൾ ആരംഭിക്കുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ കടയ്ക്കൽ, പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ടെക്നോലോഡ്ജുകൾ പ്രവർത്തനം തുടങ്ങികഴിഞ്ഞിട്ടുണ്ട്. കൊല്ലം ജില്ലയിലെതന്നെ വെളിയം, അഞ്ചൽ, പത്തനാപുരം, പൂതക്കുളം, ഇടുക്കി ജില്ലയിലെ കരിങ്കുന്നം, എറണാകുളം ജില്ലയിലെ തിരുവമ്പാടി, തൃശ്ശൂർ ജില്ലയിലെ കൊടകര, വേലൂർ, കണ്ണൂർ ജില്ലയിലെ മയ്യിൽ എന്നിവിടങ്ങളിൽ ടെക്നോലോഡ്ജുകൾ ആരംഭിക്കുന്നതിന് ഭരണാനുമതിയും നല്കിയിട്ടുണ്ട്.

ചീമേനി ഐ.ടി. പാർക്കിന്റെ നിർമ്മാണം

77 (90) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർകോഡ് ജില്ലയിൽ അനുവദിച്ച ചീമേനി ഐ.ടി. പാർക്കിന്റെ ശിലാസ്ഥാപനം മാസങ്ങൾക്കുമുമ്പേ കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly